ജില്ലാ അദാലത്ത് സമിതി യോഗം-

28/5/2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം- BPTVPMC0167000053

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീ. കെ. മണികണ്ഠൻ,<br>കൊച്ചുവിള വീട്ടിൽ,<br>ചെല്ലമംഗലം,<br>ശ്രീകാര്യം പി.ഒ. |
| പരാതി വിഷയം | - | അപേക്ഷകൻറെ മതിലിനോട് ചേർന്ന് അയൽവാസി അനധികൃത നിർമ്മാണം നടത്തുവെന്ന പരാതി-സംബന്ധിച്ച്. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000053 ഡോക്കറ്റ് നമ്പർ പരാതി. |

സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.

തിരുവനന്തപുരം നഗരസഭയിൽ ശ്രീകാര്യം സോണൽ ഓഫീസ് പരിധിയിൽ താമസിക്കുന്ന അപേക്ഷകൻറെ മതിലിനോട് ചേർത്ത് അയൽവാസിയായ ശ്രീ. അന്റപ് എന്നയാൾ അനധികൃത നിർമ്മാണം നടത്തുന്നുവെന്ന് പരാമർശിച്ച് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധന നടത്തുകയുണ്ടായി.

പരാതിയിൽ പരാമർശിക്കുന്നതു പോലെ മതിലിനോട് ചേർത്ത് കെട്ടിട നിർമ്മാണ ചട്ടം ലംഘിക്കുന്ന തരത്തിൽ എന്തെങ്കിലും നിർമ്മാണ പ്രവർത്തി നടത്തിയതായി കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും പിന്നീട് എന്തെങ്കിലും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഉടനടി ആയതിനെതിരെ നടപടി സ്വീകരിക്കുന്നതിന് ശ്രീകാര്യം സോണൽ ചാർജ് ഓഫീസറിനോടും അസിസ്റ്റൻറ് എൻജിനിയറോടും നിർദ്ദേശിച്ച് തീരുമാനിച്ചു.

JYOTHIS.V
ASSISTANT DIRECTOR-1
OFFICE OF THE JOINT DIRECTOR
LOCAL SELF GOVT. DEPARTMENT
THIRUVANANTHAPURAM

ജോയിൻ്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്
തിരുവനന്തപുരം പിൻ-695043